**മൗറീഷ്യസിലെ അടൽ ബിഹാരി വാജ്‌പേയി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് സർവീസ് ആൻഡ് ഇന്നൊവേഷൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും മൗറീഷ്യസ് പ്രധാനമന്ത്രി ശ്രീ. നവീൻചന്ദ്ര രാംഗൂലവും സംയുക്തമായി ഉദ്ഘാടനം ചെയ്തു (മാർച്ച് 12, 2025)**

മാർച്ച് 12, 2025

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും മൗറീഷ്യസ് പ്രധാനമന്ത്രി ശ്രീ. നവീൻചന്ദ്ര രാംഗൂലവും സംയുക്തമായി റെഡ്യൂയിറ്റിൽ അടൽ ബിഹാരി വാജ്‌പേയി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് സർവീസ് ആൻഡ് ഇന്നൊവേഷൻ ഇന്ന് ഉദ്ഘാടനം ചെയ്തു.  ഇന്ത്യ-മൗറീഷ്യസ് വികസന പങ്കാളിത്തത്തിന് കീഴിൽ നടപ്പിലാക്കിയ നാഴികക്കല്ലായ ഈ പദ്ധതി, മൗറീഷ്യസിലെ ശേഷി വികസനത്തിനായുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെ അടിവരയിടുന്നു.

2. 2017 ലെ ധാരണാപത്രം പ്രകാരം 4.74 മില്യൺ യുഎസ് ഡോളർ ധനസഹായം ലഭിക്കുന്ന ഈ അത്യാധുനിക സ്ഥാപനം മന്ത്രാലയങ്ങൾ, പൊതു ഓഫീസുകൾ, സമാന്തര സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സംരംഭങ്ങൾ എന്നിവയിലുടനീളം മൗറീഷ്യസ് സിവിൽ സർവീസുകാരുടെ പരിശീലന ആവശ്യങ്ങൾ നിറവേറ്റും. പരിശീലനത്തിനപ്പുറം, ഈ സ്ഥാപനം പൊതുഭരണത്തിലും ഗവേഷണത്തിലും ഭരണപഠനത്തിലും ഇന്ത്യയുമായുള്ള സ്ഥാപനപരമായ ബന്ധങ്ങളിലും മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കും.

3. ഈ അവസരത്തിൽ, മുമ്പ് ഇന്ത്യയിൽ പരിശീലനവും വിദ്യാഭ്യാസവും നേടിയിട്ടുള്ള ITEC, GoI സ്കോളർഷിപ്പ് പൂർവ്വ വിദ്യാർത്ഥികളുമായും പ്രധാനമന്ത്രി സംവദിച്ചു.  ഈ ശേഷി വർദ്ധിപ്പിക്കൽ കൈമാറ്റങ്ങൾ ഇരു രാജ്യങ്ങളിലേയും ജനങ്ങൾ തമ്മിലുള്ള ശക്തമായ ബന്ധത്തിന് ആഴം കൂട്ടും.

4. ഗ്ലോബൽ സൗത്തിനോടുള്ള ഇന്ത്യയുടെ പ്രതിബന്ധതയുമായി സംയോജിച്ച് ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ വിശ്വസ്ത പങ്കാളി എന്ന നിലയിൽ ഇന്ത്യയുടെ പങ്കിനെയും സമഗ്രമായ ഇന്ത്യ-മൗറീഷ്യസ്

പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനുള്ള അചഞ്ചലമായ പ്രതിബദ്ധതയെയും ഈ സ്ഥാപനം പ്രതിഫലിപ്പിക്കുന്നു.

പോർട്ട് ലൂയിസ്

മാർച്ച് 12, 2025